LIBRARY ARCHIVES Kerala Legislative Assembly

സൗജന്യനിരക്കിൽ കാലിത്തീറ്റ വിതരണം

93 (1672) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ക്ഷീരകർഷകർക്ക് കാലിത്തീറ്റ സൗജന്യ നിരക്കിൽ നൽകുന്നത് ഏതൊക്കെ ഏജൻസികൾ വഴിയാണെന്ന് വിശദമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിലെ ക്ഷീര കർഷകർക്ക് യഥാസമയം കാലിത്തീറ്റ ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) പ്രവാസി സംഘങ്ങളുടെ കൂട്ടായ്മയിൽ ജില്ലയിൽ പ്രവർത്തിക്കുന്ന കർഷകബന്ധു അഗ്രിടെക് എന്ന സ്ഥാപനം കാലിത്തീറ്റ വിതരണത്തിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) നിലവിൽ കേരളാ ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളിൽ നിന്ന് കാലിത്തീറ്റ വാങ്ങി മൃഗസംരക്ഷണവകുപ്പ് ക്ഷീര വികസനവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായ ഏജൻസികൾ മുഖേന സൗജന്യ നിരക്കിൽ ക്ഷീരകർഷകർക്ക് നൽകിവരുന്നു.

(ബി) ചില ഘട്ടങ്ങളിൽ സർക്കാർ പദ്ധതിക്കുള്ള കാലിത്തീറ്റ യഥാസമയം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തീറ്റ വിതരണ കമ്പനികളുടെ പ്രതിനിധികളെ വിവരം യഥാസമയം അറിയിക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(ഡി) സഹകാര്യ മേഖലയിലുള്ള കർഷകബന്ധു അഗ്രിടെക് എന്ന സ്ഥാപനത്തിന്റെ ഹർജി പരിശോധിച്ചുവരുന്നു.

തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

94 (1675) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പ് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പ് തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ താഴെ പറയുന്നവയാണ് :

1. വന്ധ്യതാ നിവാരണ ക്യാമ്പുകൾ
2. അസ്കാഡ് സെമിനാർ
3. പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി
4. പന്നിവളർത്തൽ പദ്ധതി
5. മലബാറി ആടുവളർത്തൽ പദ്ധതി
6. കാഫ് ക്ലിനിക്ക്
7. പേ വിഷബാധ ബോധവൽക്കരണ പദ്ധതി
8. ടർക്കികോഴി വളർത്തൽ പദ്ധതി
9. വിജ്ഞാന-വ്യാപന കേന്ദ്രം തുടങ്ങൽ
10. ഗ്ലൗസ് വിത്ത് കിറ്റ്
11. ആർ.കെ.വി.വൈ.പദ്ധതി
12. സുനാമി പുനരധിവാസ പദ്ധതി
13. മൃഗാശുപത്രി വികസന പദ്ധതി
14. ഐ.എൽ.ഡി.പി(ഗോരേഖ)
15. എൽ.ഡി.പി.
16. സ്കൂളുകളിൽ മൃഗക്ഷേമ ക്ലാസ്സുകൾ
17. മൃഗസംരംഭ മേള
18. ക്ലസ്റ്റർ ഫാമിംഗ് (ഗ്രാമരശ്മി)
19. പ്രത്യേക ഘടക പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

(ബി)

സാമ്പത്തിക വർഷം	ചെലവാക്കിയതുക
2006-07	72,270
2007-08	95,770
2008-09	5,22,338
2009-10	10,19,825
2010-11	8,03,350
ആകെ	25,13,553

വെറ്ററിനറി സർവ്വകലാശാല

95 (1676) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) സർവ്വകലാശാല എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ഒരു ഗവേഷണ കേന്ദ്രം കാസർഗോഡ് സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വയനാട് ജില്ലയിൽ പൂക്കോട് വെറ്ററിനറി കോളേജിനോട് ചേർന്നാണ് പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ഒരു ലെയ്സൺ ഓഫീസ് താൽക്കാലികമായി തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഡോ. ബി. അശോക് ഐ.എ.എസ്.-നെ പ്രസ്തുത സർവ്വകലാശാലയുടെ വൈസ് ചാൻസലറായി സർക്കാർ നിയമിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി ത്വരിതഗതിയിലാണ്. നിർദ്ദിഷ്ട സർവ്വകലാശാലാ ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

(സി) നിലവിൽ നിർദ്ദേശം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly